LIBRARY ARCHIVES Kerala Legislative Assembly

വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശ പ്രദേശങ്ങളിൽ കടൽഭിത്തി തകർന്ന് രൂക്ഷമായ കടലാക്രമണം നിമിത്തമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് ഫിഷറീസ് വകുപ്പ് കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി) പ്രസ്തുത പഞ്ചായത്തിലെ തീരദേശം സംരക്ഷിക്കാനായി എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

തീരദേശം സംരക്ഷിക്കുന്നതിനുള്ള കടൽഭിത്തി നിർമ്മാണം ഇറിഗേഷൻ വകുപ്പാണ് നടപ്പിലാക്കിവരുന്നത്.

**കടൽക്ഷോഭത്തിൽ ബോട്ട് നഷ്ടപ്പെട്ടതിന് സാമ്പത്തിക സഹായം**

249(2286) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ മത്സ്യത്തൊഴിലാളികളുടെ ബോട്ട് നഷ്ടപ്പെട്ടാൽ എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നിലവിൽ ഫിഷറീസ് വകുപ്പ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

കടൽക്ഷോഭത്തിൽ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപാധികൾ ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് SDRF, CMDRF എന്നിവിടങ്ങളിൽനിന്നാണ് ധനസഹായം നൽകിവരുന്നത്. 2018 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്ക് (ഹള്ളിനും, എഞ്ചിനും) ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനയാനങ്ങൾക്ക് നഷ്ടം സംഭവിച്ചാൽ ബന്ധപ്പെട്ട ജില്ലയിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ യാനത്തിനുണ്ടായ നഷ്ടം വിലയിരുത്തി നൽകുന്ന റിപ്പോർട്ടിന്റെയും ഇൻഷ്വറൻസ് ഇൻസ്പെക്ടറുടെ പരിശോധനയുടെയും അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇൻഷ്വർ ചെയ്തിട്ടുള്ളതുമായ യാനങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനി നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ബി) കടൽക്ഷോഭത്തിൽ ബോട്ട് നഷ്ടപ്പെട്ടതിനെത്തുടർന്ന് സാമ്പത്തിക സഹായം അനുവദിക്കണമെന്ന ശ്രീ. വർഗ്ഗീസ് ബാബു, ഫോർട്ട് കൊച്ചിയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, 19-2-2020-ലെ ബി3/113/2020/മത്സ്യ. എന്ന നമ്പരിലുള്ള ഫയലിന്മേൽ എന്തുനടപടിയാണ് ഫിഷറീസ് വകുപ്പ് ഇതുവരെ സ്വീകരിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

കടൽക്ഷോഭത്തിൽ ബോട്ട് നഷ്ടപ്പെട്ടതിനെത്തുടർന്ന് സാമ്പത്തിക സഹായം അനുവദിക്കണമെന്ന ശ്രീ. വർഗ്ഗീസ് ബാബു, ഫോർട്ട് കൊച്ചിയുടെ നിവേദനത്തിന്മേൽ ഫിഷറീസ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.